**JANMABHOOMI - 14-01-2025**



മൽസ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് എത്തിക്കുന്ന ശബ്ദ സന്ദേശത്തിന്റെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ്ജ് നൈനാൻ നിർവഹിക്കുന്നു

# സുരക്ഷ ശബ്ദ സന്ദേശം കൈമാറി 'സിഫ്റ്റ്

**മട്ടാഞ്ചേരി:** മത്സ്യത്തൊഴിലാളികൾക്ക് മൊബൈലിൽ സൗജന്യ സുരക്ഷ ശബ്ദ സന്ദേശങ്ങൾ കൈമാറുന്ന സേവനവു മായി കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനം. തുറമുഖ നഗരിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിഷറീസ് ടെക്നോനോളജി ശാസ്ത്ര വിഭാഗമാണ് മൊബൈൽ ഫോ ണുകളിൽ സന്ദേശങ്ങളയക്കുക. കടൽ സുരക്ഷ , മത്സ്യ ശുചിത്വം, കാലാവസ്ഥ, ബോട്ട് സുരക്ഷ, മൂല്യവർധിത ഉല്പന്നങ്ങ ൾ തുടങ്ങി വിവിധ തല വിവരങ്ങളാണ് മത്സ്യതൊഴിലാളി ഫോണുകളിൽ സന്ദേശങ്ങളായെത്തുക. റിലയൻസ് ഫൗണ്ടേ ഷനുകളുമായി ചേർന്ന് ആറ് തീരദേശ ജില്ലകളിലാണ് ആദ്യഘട്ടമായി സന്ദേശ ങ്ങൾ കൈമാറുക. ഘട്ടം ഘട്ടമായി മറ്റു ജില്ലകളിലും സേവനങ്ങൾ ലഭ്യമാക്കും. മത്സ്യത്തൊഴിലാളികൾക്കുള്ള സൗജന്യ സേവന സന്ദേശ പദ്ധതി സിഫ്റ്റ് ഡയറ ക്ടർ ഡോ: ജോർജ്ജ് നൈനാൻ നിർവഹിച്ചു. റിലയൻസ് ഫൗണ്ടേഷൻ ക്ലസ്റ്റർ മാനേജർ നഫാസ് കെ.നാസർ സംസാ രിച്ചു.